# UNIVERSITY OF KERALA
# കേരള സർവകലാശാല

(*Re-accredited by NAAC with A++ Grade*)
Senate House Campus, Palayam, Thiruvananthapuram – 34, Kerala, India

## ഹോസ്റ്റൽ പ്രവേശനം – 2024

## നിർദ്ദേശങ്ങൾ

- **ഹോസ്റ്റലിൽ നിന്ന് കുറഞ്ഞത് 40 കിലോമീറ്റർ അകലെ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റലിലേക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഭിന്നശേഷിക്കാർക്ക് ദൂരപരിധി ബാധകമല്ല.**

- ഹോസ്റ്റൽ അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിന് മുൻപായി വിദ്യാർത്ഥികൾ അതാത് **ഡിപ്പാർട്മെന്റിൽ/കോളേജിൽ ഓൺലൈനായി അഡ്മിറ്റ് ചെയ്തിട്ടുണ്ട് എന്ന് ഡിപ്പാർട്മെന്റ്/കോളേജുമായി ബന്ധപ്പെട്ട് ഉറപ്പ് വരുത്തേണ്ടതാണ്.** അല്ലാത്തപക്ഷം ഹോസ്റ്റൽ രജിസ്ട്രേഷൻ നടത്തുന്ന വേളയിൽ 'Data Mismatch' കാണിക്കുന്നതാണ്.

- കേരള സർവകലാശാലയുടെ ഓൺലൈൻ പേയ്മെന്റ് സൈറ്റ് (https://pay.keralauniversity.ac.in) സന്ദർശിച്ച് അപേക്ഷാ ഫീസ് (**Rs.55/-**) ഓൺലൈനായി അടക്കേണ്ടതാണ്.

- ഓൺലൈനായി ഫീസ് അടക്കുമ്പോൾ ഡിപ്പാർട്മെന്റിന്റെ (**Department Name**) സ്ഥാനത്ത് ***ഹോസ്റ്റൽ*** സെലക്ട് ചെയ്യുക. പർപ്പസിന് (**Purpose**) നേരെ "*Cost of Application for Admission*" എന്നത് സെലക്ട് ചെയ്യുക. അല്ലാത്തപക്ഷം 'Data Mismatch' കാണിക്കുന്നതാണ്. വിശദ വിവരങ്ങൾക്കായി https://hostel.keralauniversity.ac.in/assests/images/Online_payment_instructions.pdf എന്ന ലിങ്ക് സന്ദർശിക്കുക.

- തുടർ ഉപയോഗങ്ങൾക്കായി പേയ്മെന്റ് രസീതിന്റെ പ്രിന്റൗട്ട് സൂക്ഷിക്കേണ്ടതാണ്.

- **അപേക്ഷാ ഫീസ് ഓൺലൈനായി അടച്ച് ഒരു മണിക്കൂറിന് ശേഷം മാത്രം രജിസ്ട്രേഷൻ ആരംഭിക്കുക.**

- ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിലേക്ക് അയക്കേണ്ടതില്ല.

- ബിപിഎൽ വിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾ പ്രവേശന സമയത്ത് സർക്കാർ അതോറിറ്റി നൽകുന്ന ബിപിഎൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഹോസ്റ്റൽ പ്രവേശനം നിരസിക്കപ്പെടുന്നതാണ്. **ബിപിഎൽ റേഷൻ കാർഡ് ഇതിലേക്കായി പരിഗണിക്കുന്നതല്ല.**

02.07.2024 **രജിസ്ട്രാർ**